6. മത്സ്യോൽപ്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യതകൾ കാലാകാലം കയറ്റുമതിക്ക് ലഭ്യമാക്കുന്നതിനായി അന്തർദേശീയ തലത്തിൽ മാർക്കറ്റ് സർവ്വേകൾ നടത്തി വിവരം ലഭ്യമാക്കിവരുന്നു.

7. ഫ്രീ പ്രോസസിംഗ് കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനുമായി നിർമ്മാണ ചെലവിന്റെ 50% (പരമാവധി 15 ലക്ഷം രൂപ) സബ്സിഡിയായി നൽകിവരുന്നു.

8. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുന്നതിനായി ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(സി) ഈ സാമ്പത്തികവർഷത്തിലെ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള 6 മാസക്കാലം 453.20 കോടി രൂപയുടെ സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം എന്ന തോതനുസരിച്ച് 19.35 കോടി രൂപ മത്സ്യോൽപ്പന്ന കയറ്റുമതിക്കാരിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കാനുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

20 (* 255) തീരക്കടലിലെ മത്സ്യ ആവാസകേന്ദ്രങ്ങൾ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടെയെല്ലാം മത്സ്യ ആവാസ കേന്ദ്രങ്ങൾ നശിച്ചിട്ടുണ്ട്;

(ബി) തീരക്കടലിലെ പാരുകളും ഗർത്തങ്ങളും നശിച്ചതുമൂലം മത്സ്യങ്ങൾക്കു തങ്ങുവാനുള്ള സൗകര്യം നഷ്ടപ്പെട്ട സ്ഥലങ്ങളിൽ കൃത്രിമ പാരുകളും ഗർത്തങ്ങളും സ്ഥാപിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u>) :

(എ) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളുടെ തീരക്കടലിൽ മത്സ്യവാസകേന്ദ്രങ്ങൾ നശിച്ചുപോയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ തുമ്പ, വേളി, ശംഖുമുഖം, വലിയതുറ, വിഴിഞ്ഞം, അടിമലത്തുറ, പൂവാർ, പൊഴിയൂർ എന്നിവിടങ്ങളിൽ വിവിധ ഏജൻസികളുടെ പ്രവർത്തനഫലമായി കൃതിമപാരുകൾ സ്ഥാപിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ധർമ്മടം, കോഴിക്കോട് ജില്ലയിലെ മൂടാടി, തിക്കോടി എന്നിവിടങ്ങളിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

1093/2010.

LIBRARY ARCHIVES Kerala Legislative Assembly